Subhash.S(Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

The State Public Information Officer
Trivandrum Corporation Zonal Office, Attipra
Kulathoor, Trivandrum

26.11.2013

Sir,

എന്റെ അപേക്ഷ സ്വീകരിച്ച് RTI Act-2005 പ്രകാരം താഴെപ്പറയുന്ന അന്വേഷണങ്ങൾക്ക് ശരിയായ വിവരങ്ങൾ നൽകി സഹായിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

1. തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമിയിൽ, അതിന്റെ വടക്കുവശത്തുള്ള കോർപ്പറേഷൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും, 7132 എന്ന കൺസ്യൂമർ നമ്പരിൽ ശ്രീ.കെ.പ്രസന്നൻ എന്ന വ്യക്തിയുടെ പേരിൽ ഇലക്ട്രിസിറ്റി കണക്ഷൻ ഉള്ളതുമായ പൗണ്ട്കടവ് ഗുരുമന്ദിരത്തിന് നഗരസഭ TC നമ്പർ നൽകിയിട്ടുണ്ടോ? എങ്കിൽ ആ TC നമ്പർ ലഭ്യമാക്കുക?

2. ടി പൗണ്ട്കടവ് ഗുരുമന്ദിരം TC നമ്പർ ഇല്ലാത്തതാണെങ്കിൽ അതിനെ Unauthorised Construction ആയി കണക്കാക്കുന്ന കെട്ടിടങ്ങളുടെ ലിസ്റ്റിൽ പെടുത്തുമോ?

3. പൗണ്ട്കടവ് ഡിവിഷനിൽ ആകെയുള്ള ഗുരുമന്ദിരങ്ങളുടെ എണ്ണം എത്ര?

4. പൗണ്ട്കടവ് ഡിവിഷനിൽ TC നമ്പർ ഉള്ള ഗുരുമന്ദിരങ്ങളുടെ എണ്ണം എത്ര?

5. പൗണ്ട്കടവ് ഡിവിഷനിൽ TC നമ്പർ ഇല്ലാത്ത ഗുരുമന്ദിരങ്ങളുടെ എണ്ണം എത്ര?

6. ടി പൗണ്ട്കടവ് ഗുരുമന്ദിരം നിർമ്മിക്കാൻ നഗരസഭ/പഞ്ചായത്ത് അനുവാദം നൽകിയിട്ടുണ്ടോ? എങ്കിൽ അനുവാദം നേടാനായി സമർപ്പിച്ച അപേക്ഷ, ഒപ്പം സമർപ്പിച്ച രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുക.

7. TC 81/2385 എന്ന നമ്പർ നൽകിയിട്ടുള്ള ഗുരുമന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ കൃത്യമായ പേര് ലഭ്യമാക്കുക.

8. TC 81/2385 എന്ന നമ്പർ നൽകിയിട്ടുള്ള ഗുരുമന്ദിരം നിർമ്മിക്കാൻ നഗരസഭ/പഞ്ചായത്ത് അനുവാദം നൽകിയിട്ടുണ്ടോ? എങ്കിൽ അനുവാദം നേടാനായി സമർപ്പിച്ച അപേക്ഷ, ഒപ്പം സമർപ്പിച്ച രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുക.

9. തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പൗണ്ട്കടവ് ഗുരുമന്ദിരവും, TC 81/2385 എന്ന നമ്പർ നൽകിയിട്ടുള്ള ഗുരുമന്ദിരവും ഒന്നുതന്നെയാണോ? അതോ വെവ്വേറെ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന രണ്ട് ഗുരുമന്ദിരങ്ങളാണോ?

10. 2.7.2013 ൽ പേര് വയ്ക്കാതെ *"ഗുരുമന്ദിരം നിർമ്മിച്ചിരിക്കുന്ന TC 81/2385 Building ന് KSEB യിൽ നിന്നും Connection തുടർന്നും ലഭിക്കുന്നതിന് ഹാജരാക്കുന്നതിന്"* എന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചയാൾക്ക്, ZA3-2944/13 dated 05.07.2013, Sl.No.32740 ആയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് Trivandrum Corporation Zonal Office, Attipra

യിൽ നിന്നും നൽകിയിട്ടുണ്ട്. അതിനെ <u>*“പൗണ്ട്കടവ് ഗുരുമന്ദിരം, TC 81/2385 ൽ പ്പെട്ട താണെന്ന് തെളിയിക്കുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് 5.7.2013 ൽ ലഭിക്കുകയു ായി”*</u> എന്ന് പറഞ്ഞ് *“കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അവസാനിപ്പിച്ച് ടി കണക്ഷൻ നിലനിർത്തിതരണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു”* എന്ന അപേക്ഷയോടൊപ്പം ദുർവിനിയോഗം ചെയ്ത്, 9.7.2013 ന് KSEB യിൽ സമർപ്പിക്കുകയും, ആ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ബഹു. ലോകായുക്ത കോടതിയിൽ 506/2011 എന്ന കേസിൽ Exhibit-R8 ആയി ഹാജരാക്കപ്പെടുകയും ചെയ്തു. പല തവണ നോട്ടീസ് നൽകിയിട്ടും, വർഷങ്ങളായി ഹാജരാക്കാൻ കഴിയാതിരുന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇപ്പോൾ ഹാജരാക്കിയതിൽ ബഹു. കോടതിക്ക് ബലമായ സംശയം ഉൺടാവുകയും അതിലെ സത്യം കൺടെത്തുന്നതിനായി Corporation Secretary, Revenue Officer II എന്നിവരെ ടി കേസിൽ കക്ഷി ചേർത്തിരിക്കുകയും ആണ്. ഈ സ്ഥതിയിൽ, 506/2011 എന്ന കേസിൽ ഒരിടത്തുപോലും പ്രതിപാദിക്കാത്ത <u>TC 81/2385 എന്ന നമ്പർ ഉള്ള ഗുരുമന്ദിരത്തിന് നൽകിയ ZA3-2944/13 dated 05.07.2013, Sl.No.32740 എന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, 506/2011 എന്ന കേസിന് ആധാരമായ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പൗണ്ട്കടവ് ഗുരുമന്ദിരവും</u> തമ്മിൽ യാതൊരു ബന്ധവും ഇല്ല എന്ന വസ്തുത ശരിയാണോ? ശരിയല്ലെങ്കിൽ നിയമ സാധുതയുള്ള ബന്ധം വ്യക്തമാക്കുക.

11. TC 81/2385 എന്ന നമ്പർ ഉള്ള ഗുരുമന്ദിരത്തിന് നൽകിയ ZA3-2944/13 dated 05.07.2013, Sl.No.32740 എന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും, 506/2011 എന്ന കേസിന് ആധാരമായ തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ പൗണ്ട്കടവിൽ റീസർവ്വേ നമ്പർ 168/2 ൽപ്പെട്ട 02.78.90 ഹെക്ടർ സർക്കാർ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പൗണ്ട്കടവ് ഗുരുമന്ദിരവും തമ്മിൽ യാതൊരു ബന്ധവും ഇല്ല എന്ന വസ്തുത ശരിയാണെങ്കിൽ, 506/2011 എന്ന കേസിന്റെ ശരിയായ നടത്തിപ്പിന് സഹായകരമാകും വിധം സത്യമായ വസ്തുത KSEB യെ അറിയിച്ച് Corporation Secretary, Revenue Officer II എന്നിവർക്ക് അനാവശ്യമായ വ്യവഹാരങ്ങളിൽ നിന്ന് ഒഴിയാൻ എന്തെങ്കിലും നിയമ തടസ്സം ഉൺടോ? ഉൺടെങ്കിൽ അത് വ്യക്തമാക്കുക.

Yours truly,

(Subhash.S)